# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2593 — 18/06/2014 ൽ മറുപടി നൽകേണ്ടിയിരുന്നത്

പട്ടികജാതി യുവാക്കൾക്ക് എൻ.ടി.ടി.എഫ് മുഖേന

**തൊഴിൽ പരിശീലനം**

| ചോദ്യം<br>ശ്രീ. വി. ശശി | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതി യുവാക്കൾക്ക് തൊഴിൽ പരശീലനത്തിനായി എത്ര കോടി രൂപ എൻ.ടി.ടി.എഫ് എന്ന സ്വകാര്യ സ്ഥാപനത്തിന് നൽകിയെന്ന് വ്യക്തമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതി യുവാക്കൾക്ക് തൊഴിൽ പരശീലനത്തിനായി 2012-13 സാമ്പത്തിക വർഷം 3,22,50,000/- രൂപയും 2013-14 സാമ്പത്തിക വർഷം 6,46,87,500/- രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈ സ്ഥാപനം ഏതെല്ലാം സെന്ററു കളിൽ ഏതെല്ലാം കോഴ്സുകൾക്ക് സർക്കാർ സഹായ ത്തോടെ എത്ര പട്ടികജാതി വിദ്യാർത്ഥികൾക്ക് ഓരോ വർഷവും അഡ്മിഷൻ നൽകിയെന്ന് അറിയിക്കുമോ; ഇതിൽ എത്ര പേർ പഠനം പൂർത്തിയാക്കിയെന്ന് വ്യക്തമാക്കുമോ ; | (ബി) | 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ എൻ.ടി.ടി.എഫ് ന്റെ വിവിധ സെന്ററുകളിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ എണ്ണം കോഴ്സ് തിരിച്ച് അനുബന്ധം - I ആയി ചേർത്തിരിക്കുന്നു.<br><br>ത്രിവത്സര കോഴ്സായതിനാൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾ പഠനം തുടർന്നു വരുന്നു. പഠനം പൂർത്തിയാക്കിയിട്ടില്ല. |
| (സി) | ഇപ്പോൾ സർക്കാർ സഹായത്തോടെ ഈ സ്ഥാപനത്തിന്റെ ഏതെല്ലാം സെന്ററുകളിൽ ഏതെല്ലാം കോഴ്സുകൾക്ക് പട്ടികജാതി യുവാക്കൾ പഠിക്കുന്നുവെന്നും ഇതിൽ കേരളത്തിന് വെളിയിലുള്ള സെന്ററുകളും ഉൾപ്പെടുന്നുണ്ടോയെന്നും വ്യക്തമാക്കുമോ ; | (സി) | ഇപ്പോൾ വിവിധ സെന്ററുകളിൽ വിവിധ കോഴ്സുകളിൽ പഠനം തുടരുന്ന വിദ്യാർത്ഥികളുടെ എണ്ണം അനുബന്ധം - II ആയി ചേർക്കുന്നു.<br><br>എൻ.ടി.ടി.എഫ് - ന്റെ സെന്ററുകളിൽ കേരളത്തിനു പുറത്തുള്ള ബാംഗ്ലൂർ, തൂത്തുക്കുടി, കോയമ്പത്തൂർ, ഹൈദ്രാബാദ്, തുംകൂർ എന്നിവ ഉൾപ്പെടുന്നു. |
| (ഡി) | ഇപ്പോൾ ഈ സ്ഥാപനത്തിന്റെ വിവിധ സെന്ററുകളിൽ സർക്കാർ സഹായത്താൽ പഠിക്കുന്നവരുടെ പേര് വിവരം ലഭ്യമാക്കാമോ ? | (ഡി) | രണ്ടുവർഷത്തെ കോഴ്സുകളിലായി ആകെ 513 വിദ്യാർത്ഥികൾ പഠനം തുടരുന്നു. ഇവരുടെ പേരു വിവരം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാ...